**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4102** **03-03-2023 - ൽ മറുപടിയ്ക്ക്**

**പാചക വാതക സിലിണ്ടറുകളുടെ ഡെലിവറി ചാർജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാചക വാതക സിലിണ്ടർ വീട്ടുകളിൽ എത്തിയ്ക്കുന്നതിന് ഡെലിവറി ചാർജ് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | ഗ്യാസ് ഏജൻസിയിൽ നിന്നും 5 കിലോമീറ്റർ ചുറ്റളവിൽ ഗ്യാസ് വിതരണം ചെയ്യുന്നത് സൗജന്യമായാണ്. 5 കിലോമീറ്ററിന് മുകളിലുള്ള നിരക്കുകൾ ഓരോ ജില്ലയിലും വ്യത്യാസപ്പെടാം. അതാത് ജില്ലാ കളക്ടർമാരാണ് കാലാ കാലങ്ങളിൽ ഡെലിവറി ചാർജ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഗ്യാസിന്റെ യഥാർത്ഥ വിലയ്ക്ക് പുറമെയാണ് ഡെലിവറി ചാർജ് ഈടാക്കുന്നത്. സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ എല്ലാ ജില്ലകളുടെയും ഡെലിവറി ചാർജ് വിവരങ്ങൾ ലഭ്യമാണ്. |
| (ബി) | ഡെലിവറി ചാർജ് നിർണ്ണയിക്കുന്നതിന്റെ ദൂരം കണക്കാക്കുന്നത് ഗ്യാസ് ഏജൻസിയിൽ നിന്നാണോ അതോ ഗോഡൗണിൽ നിന്നാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഡെലിവറി ചാർജ് കണക്കാക്കുന്നത് എൽ.പി.ജി ഡിസ്ട്രിബ്യൂട്ടേഴ്സ് ഷോറൂമിൽ (ഏജൻസി ഓഫീസ്) നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കിയാണ്. |
| (സി) | ഡെലിവറി ചാർജ്ജിനത്തിൽ ഏജൻസികൾ അധിക തുക ഈടാക്കുന്നതിനെതിരെ പൊതുജനങ്ങൾ ആർക്കാണ് പരാതി നൽകേണ്ടതെന്ന് അറിയിക്കുമോ? | (സി) | ജില്ലാ കളക്ടർ, സിവിൽ സപ്ലൈസ് കമ്മീഷണർ, ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ എന്നിവർക്കും ഓരോ ജില്ലയിലും മൂന്ന് മാസത്തിലൊരിക്കൽ നടക്കുന്ന ഓപ്പൺ ഫോറത്തിലും പരാതി നൽകാവുന്നതാണ്. കൂടാതെ ബന്ധപ്പെട്ട ഓയിൽ കമ്പനികളുടെ കസ്റ്റമർ റിലേഷൻ സെന്ററിലും പരാതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ